**മധുരമായ കുട്ടികളേ - നിങ്ങൾക്ക് ഇപ്പോൾ ശാന്തീധാമത്തിലേയ്ക്കും സുഖധാമത്തിലേയ്ക്കും പോകുന്നതിനുള്ള ആശ്രയം ലഭിച്ചിരിക്കുകയാണ്, നിങ്ങൾ ബാബയെ ഓർമ്മിച്ച് ഓർമ്മിച്ച് പാവനമായി, കർമ്മാതീതമായി തന്റെ ശാന്തീധാമത്തിലേയ്ക്ക് പോകും.**

**ചോദ്യം:-** ബാബയുടെ വാത്സല്യം ഏത് കുട്ടികൾക്കാണ് ലഭിക്കുന്നത്? ബാബയെ എങ്ങനെ പ്രത്യക്ഷമാക്കും?
**ഉത്തരം:-** ഏത് കുട്ടികളാണോ വളരെ വിശ്വസ്തനും, സർവ്വീസബിളും അതിമധുരവുമായിട്ടുള്ളത്, ഒരിയ്ക്കലും ആർക്കും ദുഃഖം നൽകാത്തത് ഇങ്ങനെയുള്ള കുട്ടികൾക്ക് ബാബയുടെ വാത്സല്യം ലഭിക്കുന്നു. എപ്പോഴാണോ നിങ്ങൾ കുട്ടികൾ പരസ്പരം വളരെ സ്നേഹത്തോടെയിരിക്കുന്നത്, ഒരിയ്ക്കലും തെറ്റുകൾ സംഭവിക്കാതിരിക്കുന്നത്, വായിലൂടെ ദുഃഖം നൽകുന്ന വാക്കുകൾ വരാതിരിക്കുന്നത്, സദാ ആത്മീയ സാഹോദര്യ സ്നേഹമുണ്ടാകുന്നത് അപ്പോൾ ബാബയെ പ്രത്യക്ഷമാക്കാൻ സാധിക്കും.

**ഗീതം:-** ഞങ്ങൾക്ക് ആശ്രയം നൽകുന്ന ഭഗവാനേ......

**ഓം ശാന്തി**. ഗീതം കുട്ടികൾ അനേകം തവണ കേട്ടിട്ടുണ്ട്. ഈ വരവുപോക്കിന്റെ ചക്രത്തിൽപ്പെട്ട് നിങ്ങൾ എത്രത്തോളം അലഞ്ഞു എന്ന് കുട്ടികൾ മനസ്സിലാക്കുന്നുണ്ട്. ഡ്രാമാപ്ലാൻ അനുസരിച്ച് ഒരു ശരീരം ഉപേക്ഷിച്ച് അടുത്തത് എടുത്തു. സുഖധാമത്തിൽ നിങ്ങൾ സന്തോഷത്തോടെ സ്വയം ഒരു ശരീരം ഉപേക്ഷിച്ച് അടുത്തത് എടുക്കുമായിരുന്നു. ഇപ്പോൾ ബാബ സന്തോഷത്തോടെ ശരീരം ഉപേക്ഷിക്കുന്നതിനായി മനസ്സിലാക്കിത്തരുകയാണ്. കുട്ടികൾ മനസ്സിലാക്കുന്നുണ്ട് നമ്മൾ ആത്മാക്കൾ പരമധാമത്തിൽ നിന്നും വന്നവരാണ്, നമ്മൾ ആത്മാക്കൾ ഇവിടെ പാർട്ട് അഭിനയിക്കുകയാണ്. ആദ്യമാദ്യം ആത്മാവിൽ ഈ നിശ്ചയം വേണം നമ്മൾ ആത്മാക്കൾ അവിനാശിയാണ്. കുട്ടികൾക്ക് മനസ്സിലാക്കിത്തന്നിട്ടുണ്ട് നമ്മുക്ക് ആശ്രയം നൽകുന്നത് ഒരേ ഒരു ബാബയാണ്. ബാബയെ ഓർമ്മിക്കുമ്പോൾ വളരെ സന്തോഷം ഉണ്ടാകുന്നു. ഇത് വളരെയധികം മനസ്സിലാക്കേണ്ട കാര്യമാണ്. ആദ്യം എല്ലാവരും ശാന്തീധാമത്തിലായിരുന്നു വസിച്ചിരുന്നത് പിന്നീട് ആദ്യമായി ഇറങ്ങിവരുന്നത് സുഖധാമത്തിലേയ്ക്കാണ്. ബാബ നിങ്ങൾക്ക് ആശ്രയം നൽകുകയാണ്. കുട്ടികളേ നിങ്ങളുടെ ശാന്തീധാമവും സുഖധാമവും വന്നുകഴിഞ്ഞു. നമ്മൾ ആത്മാക്കൾ ഒരു ശരീരം ഉപേക്ഷിച്ച് രണ്ടാമത് എടുക്കുന്നു എന്നതിൽ നിശ്ചയമുണ്ട്. ആദ്യം മുതൽ തന്നെ അവിനാശി പാർട്ട് ലഭിച്ചിരിക്കുകയാണ്. നിങ്ങൾക്ക് ഈ 84 ജന്മങ്ങളുടെ പാർട്ട് അഭിനയിക്കണം. ബാബ കുട്ടികളോട് തന്നെയാണ് സംസാരിക്കുന്നത് എന്തുകൊണ്ടെന്നാൽ നിങ്ങൾക്കല്ലാതെ മറ്റാർക്കും ഈ കാര്യങ്ങൾ അറിയുകയില്ല. ഈ പുരുഷോത്തമ സംഗമയുഗത്തിലാണ് പുരുഷോത്തമനായി മാറാൻ ബാബ വഴി പറഞ്ഞുതരുന്നത്. ആത്മാവിന് ഒരു ഭയവും ഉണ്ടാകരുത്. നമ്മൾ വളരെ ഉയർന്ന പദവിയാണ് നേടുന്നത്. നിങ്ങൾ മുഴുവൻ ജന്മങ്ങളേയും അറിഞ്ഞുകഴിഞ്ഞു. ഇതാണ് അന്തിമ ജന്മം. ആത്മാവിന് മനസ്സിലായി നമ്മുക്ക് ശാന്തീധാമത്തിലേയ്ക്കും സുഖധാമത്തിലേയ്ക്കും പോകുന്നതിനായി ആശ്രയം ലഭിച്ചിരിക്കുകയാണ്, എങ്കിൽ സന്തോഷത്തോടെ പോകണം. പക്ഷേ ഇപ്പോൾ ഈ ജ്ഞാനം ലഭിച്ചിട്ടുണ്ട് ആത്മാവ് പതിതമാണ്, ആത്മാവിന്റെ ചിറക് ഒടിഞ്ഞിരിക്കുകയാണ്. മായ ചിറകുകളെ ഒടിച്ചിരിക്കുന്നു അതിനാൽ തിരിച്ച് പോകാൻ സാധിക്കില്ല. തീർച്ചയായും പാവനമായി മാറണം. അവിടെ നിന്ന് താഴേയ്ക്കു വന്നു പക്ഷേ ഇപ്പോൾ തനിയേ തിരിച്ച് പോകാൻ സാധിക്കില്ല, എല്ലാവർക്കും പാർട്ട് അഭിനയിക്കുകതന്നെ വേണം. നമ്മൾ വളരെ ഉയർന്ന കുലത്തിലേതാണ് എന്ന് നിങ്ങൾ മനസ്സിലാക്കണം. ഇപ്പോൾ വീണ്ടും നമ്മുക്ക് ഉയർന്ന കുലത്തിന്റെ രാജ്യഭാഗ്യം ലഭിക്കുകയാണ്. പിന്നീട് നമ്മൾ ഈ ശരീരത്തെ എന്ത് ചെയ്യാനാണ്. നമ്മുക്ക് സത്യയുഗത്തിൽ പുതിയ ശരീരം ലഭിക്കും. ഇങ്ങനെ സ്വയത്തോട് സംസാരിക്കണം. ബാബ സ്വയം തന്റെ പരിചയവും, രചനയുടെ ആദി മദ്ധ്യ അന്ത്യത്തിന്റെ രഹസ്യവും മനസ്സിലാക്കിത്തരുന്നു. അതായത് ആത്മാവ് തന്നെയാണ് സതോപ്രധാനം സതോ രജോ തമോയിലേയ്ക്ക് വരുന്നു. ഇപ്പോൾ വീണ്ടും ആത്മാഭിമാനിയായി മാറേണ്ടിവരും. ആത്മാവിന് തന്നെയാണ് പാവനമായി മാറേണ്ടത്. ബാബ പറഞ്ഞിട്ടുന്ന് എന്നെ മാത്രം ഓർമ്മിക്കു ബാക്കി ആരെയും ഓർമ്മിക്കേണ്ടതില്ല. ധനം-സമ്പത്ത്, വീട്, കുട്ടികൾ എന്നിവയിലേയ്ക്ക് ബുദ്ധി പോയാൽ കർമ്മാതീത അവസ്ഥ പ്രാപ്തമാക്കില്ല. പിന്നീട് പദവി കുറഞ്ഞ് ശിക്ഷയും അനുഭവിക്കേണ്ടി വരും. ഇപ്പോൾ നമ്മൾ ആത്മാക്കൾ തിരികെ പോകുകയാണ്. പാവനമായി മാറി തിരിച്ച് പോകണം. ബാബ പാവനമാക്കി മാറ്റാൻ വന്നിരിക്കുകയാണ് എങ്കിൽ പിന്നെന്തുകൊണ്ട് സന്തോഷത്തോടെ ബാബയെ ഓർമ്മിച്ച് വികർമ്മത്തെ വിനാശമാക്കിക്കൂടാ. സ്വയം ഓർമ്മിക്കു

ന്നുവർ മറ്റുള്ളവർക്ക് പറഞ്ഞുകൊടുക്കുമ്പോൾ അത് ലക്ഷ്യത്തിലെത്തും. ഇതിനെയാണ് വിചാരസാഗര മഥനം എന്ന് പറയുന്നത്. അതിരാവിലെ വിചാരസാഗര മഥനം വളരെ നന്നായി നടക്കും എന്തുകൊണ്ടെന്നാൽ ബുദ്ധി ശുദ്ധമായിരിക്കും ഉണർവ്വുള്ളതായിരിക്കും. ഭക്തിയും ആ സമയത്താണ് ഉണ്ടാകുന്നത്. പ്രഭാതത്തിൽ രാമനെ സ്മരിച്ചുകൊണ്ട് മനസ്സിനെ മയിലിനു സമാനമാക്കൂ........ എന്ന് ഗീതവുമുണ്ട് പക്ഷേ ഭക്തിമാർഗ്ഗത്തിൽ കേവലം പാടിക്കൊണ്ടിരുന്നു. ഇപ്പോൾ ബാബയുടെ നിർദേശമാണ് അതിരാവിലെ ഉണർന്ന് എന്നെ ഓർമ്മിക്കൂ. എന്നാൽ സത്യയുഗത്തിൽ രാമനെ സ്മരിക്കില്ല. ഇങ്ങനെയാണ് ഡ്രാമയിലുള്ളത്. ബാബ വന്ന് ഭക്തിയുടേയും ജ്ഞാനത്തിന്റേയും രഹസ്യം പറഞ്ഞുതരികയാണ്. ആദ്യം നിങ്ങൾക്ക് അറിയില്ലായിരുന്നു അതിനാൽ കല്ലുബുദ്ധികൾ എന്ന് പറയപ്പെടുന്നു. സത്യയുഗത്തിൽ ഇങ്ങനെ വിളിക്കില്ല. ഈശ്വരൻ നിനക്ക് നല്ലബുദ്ധി തരട്ടെ എന്ന് ഇപ്പോൾ മാത്രമാണ് പറയുന്നത്. ഇവിടെയുള്ള മഹിമ ഭക്തിമാർഗ്ഗത്തിൽ പാടുന്നു. അതിനാൽ ബാബ വളരെ സ്നേഹത്തോടെ മനസ്സിലാക്കിത്തരുകയാണ് കുട്ടികളേ നിങ്ങൾ പരിധിയില്ലാത്ത അച്ഛനെ മറന്നിരിക്കുന്നു. നിങ്ങൾക്ക് അരകല്പത്തിലേയ്ക്കുള്ള പരിധിയില്ലാത്ത സമ്പത്ത് നൽകിയത് ഞാൻ തന്നെയാണ്. നിങ്ങളെ പരിധിയില്ലാത്ത സന്യാസം ചെയ്യിച്ചതും ഞാൻ തന്നെയായിരുന്നു, ഈ പരിധിയില്ലാത്ത പഴയലോകം ശവപ്പറമ്പാകും എന്നതും ഞാൻ തന്നെയാണ് പറഞ്ഞുതന്നത്. നശിക്കാൻ പോകുന്ന ഈ ലോകത്തെ എന്തിനാണ് ഓർമ്മിക്കുന്നത്. ബാബാ ഞങ്ങളെ ഈ പതിത ലോകത്തിൽ നിന്ന് രക്ഷിച്ച് പാവനലോകത്തിലേയ്ക്ക് കൊണ്ടുപോകൂ എന്ന് പറഞ്ഞാണ് നിങ്ങൾ എന്നെ വിളിക്കുന്നതുതന്നെ. പതിതലോകത്തിൽ കോടിക്കണക്കിന് മനുഷ്യരുണ്ട്. പാവനലോകത്തിൽ വളരെക്കുറച്ചുപേരേ ഉണ്ടാകൂ. കാലന്റേയും കാലനായ മഹാകാലനെ നിങ്ങൾ വിളിക്കുന്നുണ്ടല്ലോ. ഭക്തർ ഭഗവാനെ ഭക്തിയുടെ ഫലം നൽകാനായി വിളിച്ചിരുന്നു. ഞങ്ങൾ വളരെയധികം ബുദ്ധിമുട്ട് സഹിച്ചു. അരകല്പത്തെ ശീലം ഉള്ളതിനാൽ അതിൽ നിന്നും മുക്തമാകാൻ പരിശ്രമമുണ്ട്. ഇതും ഡ്രാമയിൽ ഉള്ളതാണ്. കുട്ടികൾ നമ്പർവൈസ് പുരുഷാർത്ഥം അനുസരിച്ച് കർമ്മാതീത അവസ്ഥയെ പ്രാപ്തമാക്കുന്നു– കല്പം മുൻപെന്നപോലെ, ശേഷം വിനാശമുണ്ടാകും. ഇപ്പോൾ താമസിക്കാൻ പോലും സ്ഥലമില്ല. ധാന്യങ്ങളില്ല, എങ്ങനെ കഴിക്കും. അമേരിക്കയിലും പറയുന്നു കോടിക്കണക്കിന് മനുഷ്യർ വിശന്ന് മരിക്കും. ഈ പ്രകൃതിക്ഷോഭങ്ങൾ വരാനുള്ളതാണ്. യുദ്ധം ആരംഭിച്ചാൽ ധാന്യം എവിടെനിന്നു വരാനാണ്. യുദ്ധവും വളരെ ഭയാനകമായിരിക്കും. അവരുടെ കൈയ്യിൽ എന്തെല്ലാം ആയുധങ്ങൾ തയ്യാറാണോ അതെല്ലാം അവർ പുറത്ത് എടുക്കും. പ്രകൃതിക്ഷോഭങ്ങളും സഹായിക്കും. അതിനു മുമ്പ് കർമ്മാതീത അവസ്ഥ പ്രാപ്തമാക്കണം. കറുത്തതിൽ നിന്നും വെളുത്തവരാകണം. കാമചിതയിൽ ഇരുന്ന് കറുത്തുപോയിരിക്കുന്നു. ഇപ്പോൾ ബാബ സുന്ദരമാക്കുകയാണ്. ആത്മാക്കൾ എല്ലാവരും വിശ്രമിക്കുന്ന സ്ഥാനം ഒന്നുതന്നെയാണ്. ഇവിടെ വന്ന് പാർട്ട് അഭിനയിക്കുകയാണ്. രാമരാജ്യത്തേയും രാവണരാജ്യത്തേയും മറികടക്കണം.

ബാബ പറഞ്ഞുതന്നിട്ടുണ്ട് ഇപ്പോൾ ഈ പഴയലോകത്തിന്റെ അന്ത്യമാണ്, ഞാൻ വരുന്നത് അന്തിമത്തിലാണ്. കുട്ടികൾ വിളിക്കുന്ന സമയത്ത്. പഴയലോകത്തിന്റെ വിനാശം തീർച്ചയായും ഉണ്ടാകണം. വേട്ടക്കാരനു വിളയാട്ടം വേട്ടമൃഗത്തിന് പ്രാണവേദന എന്ന മഹിമ ഈ സമയത്തെക്കുറിച്ചുള്ളതാണ്. എന്നാൽ ബാബയുടെ ശ്രീമതത്തിലൂടെ നടന്നില്ലെങ്കിൽ അന്തിമ സമയത്ത് സന്തോഷം അനുഭവപ്പെടില്ല. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് അറിയാം നമ്മുക്ക് ഈ ശരീരം ഉപേക്ഷിച്ച് അമരപുരിയിലേയ്ക്ക് പോകണം. നിങ്ങളുടെ പേരുതന്നെ ശക്തികളെന്നാണ്, ശിവശക്തികൾ. പിന്നെ നിങ്ങൾ പ്രജാപിതാവിന്റെ ബ്രഹ്മാകുമാരന്മാരും കുമാരികളുമാണ്. ശിവബാബയുടെ കുട്ടികളാണ് പിന്നീട് നിങ്ങൾ സഹോദരീ സഹോദരന്മാരാകുന്നു. പ്രജാപിതാ ബ്രഹ്മാവിലൂടെയാണ് രചന രചിക്കുന്നത്. ബ്രഹ്മാവിനെ മുതുമുത്തച്ഛൻ എന്നാണ് വിളിക്കുന്നത്. അതിനാൽ ബാബ കുട്ടികൾക്ക് മനസ്സിലാക്കിത്തരികയാണ്. ആത്മാവുതന്നെയാണ് ശരീരത്തിലൂടെ എല്ലാം ചെയ്യുന്നത്. ആത്മാവാണ് ശരീരത്തിലൂടെ അടിക്കുന്നത്. ആത്മാവ് പറയുന്നു ഞാൻ ഈ ശരീരത്തിലൂടെ ഇന്ന ആത്മാവിന്റെ ശരീരത്തെ അടിച്ചു. കുട്ടികൾ കത്തിൽ എഴുതും– ഞാൻ ആത്മാവ് ശരീരത്തിലൂടെ ഇന്ന തെറ്റ് ചെയ്തു. തീർച്ചയായും പരിശ്രമമുണ്ട്. ഇതിനെക്കുറിച്ച് വിചാര സാഗരമഥനം ചെയ്യണം. പുരുഷന്മാർക്ക് വളരെ സഹജമാണ്. മുംബൈയിൽ അതിരാവിലെ എത്രപേരാണ് കറങ്ങാൻ പോകുന്നത് നിങ്ങൾക്കാണെങ്കിൽ ഏകാന്തമായി വിചാരസാഗര മഥനം ചെയ്യണം. ബാബയുടെ മഹിമ പാടിക്കൊണ്ടിരിക്കൂ. ബാബാ അങ്ങയുടെ കാര്യങ്ങൾ അത്ഭുതമാണ്. ദേഹധാരികളുടെ മഹിമയല്ല പാടുന്നത്. വിദേഹിയായ ഉയർന്നതിലും ഉയർന്ന ഭഗവാനാൻ ഒരിയ്ക്കലും തനിക്കായി ഒരു ശരീരം ധാരണ ചെയ്യുന്നില്ല. സ്വയം പറയുന്നു ഞാൻ സാധാരണ ശരീരത്തിലാണ് പ്രവേശിക്കുന്നത്. ഇവർക്ക് തന്റെ ജന്മങ്ങളെ അറിയില്ല. നിങ്ങൾക്കും അറിയില്ലായിരുന്നു. ഇപ്പോൾ ഇവർ എന്നിലൂടെ അറിഞ്ഞു അതിനാൽ നിങ്ങളും അറിഞ്ഞു. എങ്കിൽ ഇതും പ്രാക്ടീസാണ്. ബാബയെ ഓർമ്മിക്കുന്നതിലൂടെ നിങ്ങൾക്ക് വളരെ അധികം സന്തോഷമുണ്ടാകും. എപ്പോൾ നിങ്ങൾ ആത്മാവാണെന്നു നിശ്ചയം വെക്കുന്നുവോ അപ്പോൾ ആത്മാവിനെത്തന്നെ കണ്ടുകൊണ്ടിരിക്കും. പിന്നീട് വികാരത്തിന്റെ കാര്യവും ഉയരില്ല. ബാബ പറയുന്നു

അശരീരിയായി ഭവിയ്ക്കു. പിന്നീട് വികാരി ചിന്തകൾ എന്തുകൊണണ്ടാണ് വരുന്നത്. ശരീരത്തെ കാണുന്നതുകൊണ്ടാണ് വീണുപോകുന്നത്. നോക്കേണ്ടത് ആത്മാവിനേയാണ്. നമ്മൾ ആത്മാക്കളാണ്, നമ്മൾ ഈ പാർട്ട് അഭിനയിക്കുകയാണ്. ഇപ്പോൾ ബാബ പറയുന്നു അശരീരിയാകൂ. എന്നെ ഓർമ്മിക്കുകയാണെങ്കിൽ പാപമില്ലാതാകും പിന്നെ ഓർമ്മയുടെ യാത്രയിൽ ഇരിക്കുന്നതിലൂടെ സമ്പാദ്യവും ഉണ്ടാകും. അതിരാവിലെയുള്ള സമയം വളരെ നല്ലതാണ്. കേവലം ബാബയെയല്ലാതെ മറ്റാരേയും കാണരുത്. പിന്നെ ഈ ലക്ഷ്മീ നാരായണനാണ് പ്രഥമ ലക്ഷ്യം. മന്മനാഭവ, മദ്ധ്യാജീഭവ – ഇതിന്റെ അർത്ഥം ആർക്കും അറിയില്ല.

നിങ്ങൾക്ക് മനസ്സിലാക്കാൻ സാധിക്കും– ഭക്തി പ്രവൃത്തീ മാർഗ്ഗത്തിലുള്ളവർക്കുള്ളതാണ്. നിവൃത്തി മാർഗ്ഗത്തിലുള്ളവർ കാട്ടിൽ ചെന്ന് എന്ത് ഭക്തി ചെയ്യാനാണ്. മുൻപ് സന്യാസിമാർ സതോപ്രധാനമായിരുന്നു, ആ സമയത്ത് അവർക്ക് വേണ്ടതെല്ലാം കാട്ടിൽ തന്നെ എത്തിക്കുമായിരുന്നു. ഇപ്പോൾ നോക്കൂ എല്ലാ കുടിലുകളും കാലിയാണ് എന്തെന്നാൽ അവർ തമോപ്രധാനമായതിനാൽ അവരുടെ അടുത്തേയ്ക്ക് ഒന്നും തന്നെ എത്തുന്നില്ല. ഭക്തർക്ക് അവരോടുള്ള ആദരവ് കുറഞ്ഞു. അതിനാൽ ഇപ്പോൾ അവർ ജോലികളിൽ ഏർപ്പെട്ടിരിക്കുകയാണ്. ഇപ്പോൾ കോടിപതികളാണ്. ഇതെല്ലാം നശിക്കാൻ പോകുന്നതാണ്. അല്ലാതെ സ്വർണ്ണത്തിന്റെ കൊട്ടാരമുണ്ടാക്കാനൊന്നും സാധിക്കില്ല. സത്യയുഗത്തിൽ സർവ്വതും പുതിയത് ലഭിക്കുന്നു. ധാന്യങ്ങളും പുതിയത് ലഭിക്കുന്നു, പുതിയ ലോകത്തിൽ എല്ലാം ഫസ്റ്റ് ക്ലാസ്സ് സാധനങ്ങളായിരിക്കും. ഇപ്പോഴാണെങ്കിൽ ഭൂമി ജീർണ്ണിച്ചു കഴിഞ്ഞു. അതിനാൽ ധാന്യങ്ങളും പൂർണ്ണമായ രീതിയിൽ ലഭിക്കില്ല. അവിടെ മുഴുവൻ ഭൂമിയും സാഗരവും നിങ്ങളുടേതായിരിക്കും. അവിടെ എത്ര ശുദ്ധമായ ഭോജനമാണ് കഴിക്കുക. ഇവിടെയാണെങ്കിൽ നോക്കു മൃഗങ്ങളെപ്പോലും പാകംചെയ്ത് കഴിക്കുന്നു. അവിടെ ഇങ്ങനെയുള്ള കാര്യങ്ങളൊന്നും ഉണ്ടാകില്ല. അതിനാൽ നിങ്ങൾ കുട്ടികൾ ബാബയ്ക്ക് വളരെയധികം നന്ദി പറയണം. നിങ്ങൾ ബാബയെ അറിഞ്ഞു പിന്നീട് മറ്റുള്ളവരോടും പറയണം, ബാബ പറയുന്നു ഞാൻ  സാധാരണ വൃദ്ധ ശരീരത്തിലാണ് പ്രവേശിക്കുന്നത്, ഇവരുടെ വാനപ്രസ്ഥ അവസ്ഥയിലാണ് പ്രവേശിക്കുന്നത്. വാനപ്രസ്ഥ അവസ്ഥയിൽത്തന്നെയാണ് തിരിച്ച് പോകേണ്ടത്, ഇതും നിയമമാണ്, ഭക്തിയിലും ഈ ആചാരമാണ് നടന്നുവരുന്നത്. ഇതെല്ലാം ധാരണ ചെയ്യേണ്ട കാര്യങ്ങളാണ്. ചിലർ നല്ലരീതിയിൽ കുറിച്ച് വെച്ച് ധാരണചെയ്ത് മറ്റുള്ളവരേയും കേൾപ്പിക്കുന്നു. കേൾക്കുന്നതിലൂടെ വളരെയധികം ആനന്ദം അനുഭവപ്പെടുന്നു എന്തുകൊണ്ടെന്നാൽ ഇപ്പോൾ ആശ്രയം ലഭിച്ചിരിക്കുന്നു.

നിങ്ങൾക്ക് അറിയാം ഓരോ ആത്മാവും ഭൃകുഢിയാകുന്ന സിംഹാസനത്തിൽ ഇരിക്കുകയാണ്. ഭൃകുഢി മദ്ധ്യത്തിൽ തിളങ്ങിക്കൊണ്ടിരിക്കുന്ന ദിവ്യ നക്ഷത്രം എന്ന് ആത്മാവിനെക്കുറിച്ച് തന്നെയാണ് പറയുന്നത്. പരമപിതാ പരമാത്മാ ശിവൻ തിളങ്ങിക്കൊണ്ടിരിക്കുന്നു എന്ന് പറയാറില്ല. ആത്മാവാണ് തിളങ്ങുന്നത്. ആത്മാക്കൾ സഹോദരങ്ങളാണ് അതിനാലാണ് പറയുന്നത് ഹിന്ദുസ്ഥാനികളും പാക്കിസ്ഥാനികളും ബൗദ്ധികളും എല്ലാവരും സഹോദരങ്ങളാണ്. എന്നാൽ സഹോദരൻ എന്നതിന്റെ അർത്ഥം മനസ്സിലാക്കുന്നില്ല. നിങ്ങൾക്ക് പരസ്പരം എത്ര സ്നേഹം ഉണ്ടായിരിക്കണം. സത്യയുഗത്തിൽ മൃഗങ്ങൾക്കുപോലും പരസ്പരം സ്നേഹമുണ്ടാകും. നിങ്ങൾ പരസ്പരം സഹോദരങ്ങളാണെങ്കിൽ എത്ര സ്നേഹം വേണം. പക്ഷേ ദേഹാഭിമാനത്തിൽ വരുന്നതിനാൽ പരസ്പരം വളരെയധികം ബുദ്ധിമുട്ട് നൽകുന്നു. പിന്നീട് പരസ്പരം ആക്ഷേപിക്കുന്നു. ഈ സമയത്ത് നിങ്ങൾ കുട്ടികൾക്ക് പരസ്പരം ക്ഷീരഖണ്ഡമായി (മധുരമായ സ്വഭാവം) മുന്നോട്ട് പോകണം. ഈ സമയത്ത് നിങ്ങൾ ഇതിനുവേണ്ടി പുരുഷാർത്ഥം ചെയ്യുന്നു പിന്നീട് 21 ജന്മം ക്ഷീരഖണ്ഡമായിത്തന്നെ മുന്നോട്ട് പോകുന്നു. അഥവാ എന്തെങ്കിലും തലതിരിഞ്ഞ വാക്കുകൾ വായിലൂടെ വന്നാൽ ഉടനെ പറയണം എന്നോട് ക്ഷമിക്കണം. എന്തുകൊണ്ടെന്നാൽ ബാബയുടെ ആജ്ഞയാണ് വളരെയധികം മധുരമായി ജീവിക്കൂ. ആരാണോ ഈ ആജ്ഞയെ അനുസരിക്കാത്തത് അവർ ആജ്ഞ ലംഘിക്കുന്നവരാണ്. ഒരിയ്ക്കലും ആർക്കും ദുഃഖം നൽകരുത്. ബാക്കി ബാബയ്ക്ക് അറിയാം പോലീസുകാരുടെ സേവനം ചെയ്യുന്നവർക്ക് ആരുടെയെങ്കിലും സത്യത തെളിയിക്കുന്നതിനായി ചിലപ്പോൾ അടികൊടുക്കേണ്ടതായും വരുന്നു. മിലിറ്ററിയിലുള്ളവർക്ക് യുദ്ധം ചെയ്യേണ്ടി വരുന്നു. സ്വയം ആത്മാവാണെന്നു മനസ്സിലാക്കി എന്നെ ഓർമ്മിക്കുക മാത്രം ചെയ്യൂ എങ്കിൽ തോണി അക്കരെയെത്തും. ഈ പഴയലോകത്തിൽ എന്താണ് കാണാനുള്ളത്. നമ്മുക്ക് പുതിയ ലോകത്തെയാണ് കാണേണ്ടത്. ഇപ്പോൾ ശ്രീമതത്തിലൂടെ പുതിയ ലോകത്തിന്റെ സ്ഥാപന ഉണ്ടാവുകയാണ്, ഇവിടെ ആശീർവാദത്തിന്റെ കാര്യമേയില്ല. ടീച്ചർ ഒരിയ്ക്കലും ആശീർവാദം നൽകുകയല്ല ചെയ്യുക. ടീച്ചർ പഠിപ്പിക്കുകയാണ് ചെയ്യുക. ആര് എത്രത്തോളം പഠിക്കുന്നുവോ, നല്ല പെരുമാറ്റം ധാരണ ചെയ്യുന്നുവോ അത്രയും ഉയർന്ന പദവി പ്രാപ്തമാക്കും. ഇവിടെയും അങ്ങിനെതന്നെയാണ്. നമ്മുടെ രജിസ്റ്റർ എങ്ങനെയാണെന്ന് സ്വയം നോക്കണം. ചിലർ വളരെ മധുരമായി പോകുന്നുണ്ട്. എല്ലാ കാര്യത്തിലും സന്തുഷ്ടരാണ്. ബാബ പറഞ്ഞിട്ടുണ്ട്

നിങ്ങൾ പരസ്പരം കച്ചേരി (ചർച്ച) വെക്കൂ എന്തെങ്കിലും തെറ്റ് സംഭവിക്കുന്നുണ്ടോ? എന്നാൽ ചർച്ചചെയ്യുന്നവർക്ക് നിശ്ചയം വേണം നമ്മൾ ആത്മാക്കളാണ്, ഞാൻ എന്റെ സഹോദരനോടാണ് ചോദിക്കുന്നത് ഈ ശരീരത്തിലൂടെ എന്തെങ്കിലും തെറ്റ് സംഭവിച്ചില്ലല്ലോ? ആർക്കും ദുഃഖം നൽകിയില്ലല്ലോ? ബാബ ഒരിയ്ക്കലും ദുഃഖം നൽകില്ല. ബാബ സുഖധാമത്തിന്റെ അധികാരിയാക്കി മാറ്റുകയാണ് ചെയ്യുന്നത്. ബാബ ദുഃഖ ഹർത്താവും സുഖ കർത്താവുമാണ്. അതിനാൽ നിങ്ങളും എല്ലാവർക്കും സുഖം നൽകണം. മോശമായി ഒരിയ്ക്കലും സംസാരിക്കരുത്. ഒരിയ്ക്കലും നിയമത്തെ കയ്യിലെടുക്കരുത്. നിങ്ങളുടെ ജോലി റിപ്പോർട്ട് ചെയ്യലാണ് (കാര്യം അറിയിക്കുക). വളരെ മധുരമായി മാറണം. എത്രത്തോളം മധുരമായി മാറുന്നുവോ അത്രയും അച്ഛനെ പ്രത്യക്ഷമാക്കും. ബാബ സ്നേഹസാഗരനാണ്, നിങ്ങളും സ്നേഹത്തോടെ മനസ്സിലാക്കിക്കൊടുത്താൽ നിങ്ങളുടെ വിജയമുണ്ടാകും. ബാബ പറയുന്നു എന്റെ ഓമന മക്കളെ ഒരിയ്ക്കലും ആർക്കും ദുഃഖം നൽകരുത്. ഇങ്ങനെ തലതിരിഞ്ഞ തെറ്റുകൾ ചെയ്യുന്ന വളരെയധികം പേരുണ്ട് പരദൂഷണം പറയുക, അസൂയപ്പെടുക, പരിഹസിക്കുക..... ഇതെല്ലാം തന്നെ വികർമ്മങ്ങളല്ലേ.

ബാബ പറയുന്നു ആരാണോ വളരെ വിശ്വസ്തനും സർവ്വീസബിളുമായ കുട്ടി തീർച്ചയായും അവരെ എനിക്ക് മധുരമായി തോന്നും, അവർക്ക് ബാബ വാത്സല്യം നൽകുന്നു. ബാക്കിയുള്ളവർക്ക് നൽകില്ല. പിന്നീട് പറയും ഇവർക്ക് മാത്രമാണ് പ്രത്യേക പരിഗണന നൽകുന്നത്. ഇവരാണ് വലിയ ആൾ. ഇങ്ങനെ പലതും പറഞ്ഞ് അവനവനെ നഷ്ടത്തിലേക്ക് കൊണ്ടുപോകുന്നു. തലതിരിഞ്ഞ കാര്യങ്ങൾ ചെയ്ത് ദോഷിയാകുന്നു. വാർത്തകൾ വരുന്നുണ്ട് ഇന്നയാൾ പുകവലി ഉപേക്ഷിക്കുന്നില്ല....... ബാബ പറയുന്നു എനിക്ക് അവർക്കും മനസ്സിലാക്കിക്കൊടുക്കേണ്ടി വരുന്നു അതായത് നിങ്ങൾക്ക് യോഗബലത്തിലൂടെ വിശ്വത്തെ പാവനമാക്കാമെങ്കിൽ പിന്നെ ഇത് ഉപേക്ഷിക്കാൻ സാധിക്കില്ലേ? ബാബയെ ഓർമ്മിക്കൂ. ബാബ അവിനാശിയായ സർജനാണ്. എല്ലാ ദുഃഖങ്ങളും ദൂരെയാകുന്ന തരത്തിൽ മരുന്ന് തരും. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

### ധാരണക്കുള്ള മുഖ്യ സാരം:-

1) ദേഹാഭിമാനത്തിൽ വന്ന് പരസ്പരം ബുദ്ധിമുട്ടിപ്പിക്കരുത്, എല്ലാ കാര്യത്തിലും സന്തുഷ്ടരായിരിക്കണം. ഒരിയ്ക്കലും ഏഷണി കൂട്ടരുത്, പരിഹസിക്കുകയും ആസൂയപ്പെടുകയും ചെയ്യരുത്. ആർക്കും ദുഃഖം നൽകരുത്. എല്ലാവരും പരസ്പരം വളരെ മധുരമായ പാൽക്കടലായിരിക്കണം.

2) അതിരാവിലെ ഉണർന്ന് സ്നേഹത്തോടെ ബാബയെ ഓർമ്മിക്കണം. സ്വയത്തോട് സംസാരിക്കണം, വിചാര സാഗരമഥനം ചെയ്ത് ബാബയോട് നന്ദി പറയണം.

## വരദാനം:- തന്റെ ശക്തിശാലീ സ്ഥിതിയിൽ സ്ഥിതി ചെയ്ത് മനസ്സിലൂടെ സേവനം ചെയ്യുന്ന നമ്പർവൺ സേവാധിരിയായി ഭവിക്കൂ

അഥവാ ആർക്കെങ്കിലും വാക്കിലൂടെ സേവനം ചെയ്യുന്നതിനുള്ള അവസരം ലഭിക്കുന്നില്ലെങ്കിലും മനസാ സേവനത്തിനുള്ള അവസരം എല്ലായിപ്പോഴുമുണ്ട്. ഏറ്റവും വലുതിലും വലുതും ശക്തിശാലിയുമായ സേവനം മനസ്സാ സേവനമാണ്. വാക്കിലൂടെയുള്ള സേവനം എളുപ്പമാണ് എന്നാൽ മനസ്സാ സേവനത്തിനായി ആദ്യം സ്വയത്തെ ശക്തിശാലിയാക്കേണ്ടതായുണ്ട്. ശബ്ദത്തിലൂടെയുള്ള സേവനം സ്ഥിതി കയറി ഇറങ്ങിയാലും ചെയ്യാം എന്നാൽ മനസ്സാ സേവനം അങ്ങനെ ചെയ്യാൻ സാധിക്കില്ല. ആരാണോ തന്റെ ശ്രേഷ്ഠ സ്ഥിതിയിലൂടെ സേവനം ചെയ്യുന്നത് അവരാണ് മുഴുവൻ മാർക്കും നേടാൻ സാധിക്കുന്ന നമ്പർ വൺ സേവാധാരി.

## സ്ലോഗൻ:- ലൗകിക കാര്യം ചെയ്തും അലൗകികതയുടെ അനുഭവം ചെയ്യുന്നത് തന്നെയാണ് സമർപ്പണമാകുക.

**അവ്യക്ത ശാന്തിയിലൂടെ ഡബിൾ ലൈറ്റ് ഫരിസ്താ സ്ഥിതിയുടെ അനുഭവം ചെയ്യൂ**

ഇപ്പോൾ ഡബിൾ ലൈറ്റായി ദിവ്യ ബുദ്ധിയാകുന്ന വിമാനത്തിലൂടെ ഏറ്റവും ഉയർന്ന കൊടുമുടിയിൽ സ്ഥിതി ചെയ്ത് വിശ്വത്തിലെ സർവ്വ ആത്മാക്കൾക്കും പ്രകാശത്തിന്റെയും ശക്തിയുടെയും ശുഭ ഭാവന ശ്രേഷ്ഠ കാമനയുടെ സഹയോഗത്തിന്റെ അല പരത്തൂ. ഈ വിമാനത്തിൽ ബാപ്ദാദയുടെ റിഫൈൻ ശ്രേഷ്ഠ മതത്തിന്റെ ഇന്ധനമുണ്ടായിരിക്കണം. അതിൽ അൽപം പോലും മൻമത്തിന്റെയോ പരമത്തിന്റെയോ അഴുക്ക് ഉണ്ടായിരിക്കരുത്.